**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6196** **17-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യുടെ അധിക സാമ്പത്തിക ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ നിലവിൽ ഓരോ തസ്തികയിലും എത്ര അധിക ജീവനക്കാരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഒരു തസ്തികയിലും നിലവിലെ അനുവദനീയമായ അംഗസംഖ്യയ്ക്ക് (Sanctioned Strength) ഉപരിയായി ജീവനക്കാർ പ്രവൃത്തിയെടുക്കുന്നില്ല. |
| (ബി) | ജീവനക്കാരുടെ എണ്ണം യുക്തിപൂർവ്വം നിർണ്ണയിക്കുകയും ചെലവ് കാര്യക്ഷമമായ തലത്തിലേക്ക് കൊണ്ടുവരുകയും ചെയ്യണമെന്ന സി.&എ.ജി. യുടെ 2022 ലെ റിപ്പോർട്ടിലെ നിർദേശം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി.എൽ, കേന്ദ്ര സർക്കാരിന്റെ UDAY സ്കീം നടപ്പിലാക്കിയതിനെ പരാമർശിക്കുന്നതാണ് സി & എ.ജി-യുടെ 2022 ലെ റിപ്പോർട്ട് നമ്പർ 5. ജീവനക്കാരുടെ ചെലവ് കുറയ്ക്കുന്നതിലെ പരാജയവും, വൈദ്യുതി വാങ്ങലുമായി ബന്ധപ്പെട്ട അധിക ചെലവും കെ.എസ്.ഇ.ബി.എൽ-ന്റെ നഷ്ടം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന പരാമർശം പ്രസ്തുത സി & എ.ജി. റിപ്പോർട്ടിൽ ഉണ്ട്.<br><br>ജീവനക്കാരുടെ എണ്ണം യുക്തിപൂർവ്വം പുനർനിർണ്ണയം ചെയ്ത് ആയതിലേക്കുള്ള ചെലവ് ക്രമീകരിക്കുവാൻ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ 'restructuring' ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രക്രിയ പലതലങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (സി) | ആവശ്യത്തിലധികം ജീവനക്കാർ ഉള്ളതുമൂലം പ്രതിവർഷം ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഒരു തസ്തികയിലും നിലവിലെ അനുവദനീയമായ അംഗസംഖ്യയ്ക്ക് (Sanctioned Strength) ഉപരിയായി ജീവനക്കാർ പ്രവൃത്തിയെടുക്കുന്നില്ല. |
| (ഡി) | റീസ്ട്രക്ചറിംഗ് നടപ്പിലാക്കിയാൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കെ.എസ്.ഇ.ബി.എൽ നിലവിൽ തയ്യാറാക്കിയ കരട് റീസ്ട്രക്ച്ചറിങ് നിർദ്ദേശങ്ങളിന്മേൽ വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള ചർച്ചകൾ പൂർത്തിയാക്കി ഗവൺമെന്റിന്റെ അംഗീകാരത്തോടെ എത്രയും വേഗം പുന:സംഘടന നടപ്പിൽ വരുത്തുന്നതോടൊപ്പം നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് ജീവനക്കാരുടെ എണ്ണം യുക്തിപൂർവ്വം നിർണ്ണയിക്കാനും ചെലവ് |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായി ഓപ്റ്റിമൈസ് ചെയ്യാനും (Optimize) കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ